**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

10.02.2020 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1631**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർ പട്ടിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ഷനുവേണ്ടി തയ്യാറാക്കുന്നത് 2015-ലെ വോട്ടർ പട്ടികയാണെന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഭരണഘടനയുടെ 243 K, 243 ZA എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. വോട്ടർപട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ് എന്നതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം സർക്കാർ പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുവേണ്ടി തയ്യാറാക്കിയ വോട്ടർ പട്ടിക നിലവിൽ ഇരിക്കെ 2015-ലെ വോട്ടർ പട്ടിക എടുത്താൽ വീണ്ടും നാൽപ്പത് ലക്ഷത്തോളം പേർ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അപേക്ഷയുമായി ഓഫീസുകൾ കയറിയിറങ്ങി നടക്കണമെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | (ബി) (സി) & (ഡി) | സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ 2020-ലെ പൊതു തെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് വോട്ടർപട്ടിക പുതുക്കുന്നതിന് അടിസ്ഥാന പട്ടികയായി ഉപയോഗിക്കുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ 2015-ലെ പൊതു തെരഞ്ഞെടുപ്പിനോ അതിന് ശേഷം നടന്ന ഉപ തെരഞ്ഞെടുപ്പുകൾക്കോ ഉപയോഗിച്ച വോട്ടർപട്ടികയാണ്. അത്തരത്തിൽ കരടായി പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിൽ 2,51,58,230 വോട്ടർമാരാണുള്ളത്. എന്നാൽ കേന്ദ്ര |

| | | | |
|---|---|---|---|
| (സി) | അപേക്ഷയുമായി അക്ഷയ/ഇൻഫർമേഷൻ കേന്ദ്രം/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോയി പുതിയ അപേക്ഷകൾ നൽകിയാൽ മാത്രമേ പുതിയ പട്ടികയിൽ പേര് ചേർക്കുവാൻ കഴിയുകയുള്ളു എന്നത് പരിശോധിച്ച് 2019-ലെ പാർലമെന്റ് ഇലക്ഷനുവേണ്ടി തയ്യാറാക്കിയ പട്ടിക സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | | തെരഞ്ഞെടുപ്പ് കമ്മീഷൻ 2019 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച വോട്ടർ പട്ടികയിൽ 2,61,51,534 വോട്ടർമാരാണുള്ളത്. തദ്ദേശ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന നടപടി പുരോഗമിച്ച് വരുന്നു. ഫെബ്രുവരി 14 വരെ ഈ ഘട്ടത്തിൽ അത്തരത്തിൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.<br>വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് lsgelection.kerala.gov.in എന്ന വെബ് സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷ സമർപ്പിക്കേണ്ടത്. അത്തരത്തിൽ സമർപ്പിക്കുന്ന ഓൺലൈൻ അപേക്ഷകൾ സംബന്ധിച്ചുള്ള വിവരങ്ങൾ നിശ്ചിത ദിവസം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ അപേക്ഷകർ ഹാജരായി നൽകേണ്ടതാണ്. ആൾമാറാട്ടം തടയുന്നതിനും വോട്ടർപട്ടികയിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനുമാണ് അത്തരത്തിൽ നേർ വിചാരണ നടത്തി വിവരങ്ങൾ ശേഖരിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്വന്തമായി കംപ്യൂട്ടർ ഉള്ളവർക്കും സ്മാർട്ട് ഫോൺ ഉള്ളവർക്കും സ്വന്തമായി തന്നെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ഡി) | നാൽപ്പത് ലക്ഷത്തോളം പേർ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് വലിയ തുക ചെലവാകുമെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ